പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നംപർ.716 — 2.11.2011ൽ മറുപടിക്ക്

# തണ്ണീർത്തടങ്ങൾക്ക് സംഭവിച്ചുകൊണ്ടിരിക്കുന്ന ശോഷണം

**ചോദ്യം**

ശ്രീ.എം.ചന്ദ്രൻ :
ഡോ.ടി..എം.തോമസ് ഐസക് :
ശ്രീ.കെ.രാധാകൃഷ്ണൻ :
ശ്രീ.സി.കെ.സദാശിവൻ :

**ഉത്തരം**

ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ
(റവന്യൂ വകുപ്പു മന്ത്രി)

(എ) കേരളത്തിലെ തണ്ണീർത്തടങ്ങൾക്ക് സംഭവിച്ചുകൊണ്ടിരിക്കുന്ന ശോഷണത്തിന്റെ അളവും വ്യാപ്തിയും സംബന്ധിച്ച പരിശോധനകൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;

(ബി) ഇത് സംബന്ധിച്ച ഭൂപടങ്ങൾ ഏതെല്ലാം ജില്ലകളിൽ തയ്യാറാക്കിയിട്ടുണ്ട് ;

(എ) & (ബി) കേരളത്തിലെ തണ്ണീർത്തടങ്ങൾക്ക് സംഭവിച്ചുകൊണ്ടിരിക്കുന്ന ശോഷണത്തിന്റെ അളവും വ്യാപ്തിയും സംബന്ധിച്ച പരിശോധനകൾ നടന്നു വരുന്നു. 2008-ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം നടപ്പിൽ വന്നതിനു ശേഷം ഇതു സംബന്ധിച്ച പുരോഗതി ജില്ലാ അടിസ്ഥാനത്തിൽ വിലയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്ത് ഇതിനകം 1087 കൃഷിഭവനുകളുടെ പരിധിയിൽ ഡാറ്റാ ബാങ്ക് തയ്യാറാക്കുന്നതിനുള്ള സർവ്വേ . നടത്തിയതിന്റെ അടിസ്ഥാനത്തിൽ1065 കൃഷിഭവനുകളിൽ സർവ്വേ പൂർത്തീകരിക്കുകയും 975 കൃഷി ഭവനുകളുടെ കരട് ഡാറ്റാ ബാങ്ക് പ്രാദേശിക നിരീക്ഷണ സമിതി അംഗീകരിച്ച് ഗസറ്റ് വിജ്ഞാപനത്തിനായി ബന്ധപ്പെട്ട പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/കോർപ്പറേഷൻ സെക്രട്ടറിമാർക്ക് നൽകിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നം. | ജില്ല | കൃഷി ഭവനുകളുടെ എണ്ണം | സർവ്വെ പൂർത്തീകരിച്ച ഡാറ്റാ ബാങ്ക് തയ്യാറാക്കിയ കൃഷി ഭവൻ (എണ്ണം) | ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിക്കുന്നതിന് സമിതി അംഗീകരിച്ച് ഗസറ്റ് വിജ്ഞാപനത്തിന് വേണ്ടി കൈമാറിയത് |
|---|---|---|---|---|
| 1 | തിരുവനന്തപുരം | 89 | 89 | 83 |
| 2 | കൊല്ലം | 78 | 72 | 72 |
| 3 | പത്തനംതിട്ട | 68 | 68 | 45 |

| | | | | |
|---|---|---|---|---|
| 4 | ആലപ്പുഴ | 78 | 78 | 76 |
| 5 | കോട്ടയം | 79 | 79 | 79 |
| 6 | ഇടുക്കി | 53 | 41 | 27 |
| 7 | എറണാകുളം | 97 | 97 | 72 |
| 8 | തൃശ്ശൂർ | 105 | 105 | 85 |
| 9 | പാലക്കാട് | 95 | 92 | 92 |
| 10 | മലപ്പുറം | 108 | 108 | 108 |
| 11 | കോഴിക്കോട് | 81 | 81 | 81 |
| 12 | വയനാട് | 26 | 25 | 25 |
| 13 | കണ്ണൂർ | 89 | 89 | 89 |
| 14 | കാസറഗോഡ് | 41 | 41 | 41 |
| | ആകെ | 1087 | 1065 | 975 |

ആക്ടിൽ പ്രതിപാദിക്കുന്നതുപോലെ അതാത് പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ പ്രാദേശികതല നിരീക്ഷണ സമിതിയ്ക്ക് ആധികാരികതയുള്ള പ്രദേശത്ത് നിലവിലുള്ള റവന്യൂ റിക്കാർഡുകൾ പ്രകാരം കൃഷിയോഗ്യമായ നെൽവയലായി രേഖപ്പെടുത്തിയിട്ടുള്ള ഭൂമിയുടെ വിശദാംശംങ്ങൾ ബന്ധപ്പെട്ട വില്ലേജാഫീസർ കൃഷിഓഫീസർക്ക് നൽകുകയും ഇതിന്റെ അടിസ്ഥാനത്തിൽ കൃഷി ഓഫീസർ ഓരോ സ്ഥലവും പരിശോധിച്ച് പ്രസ്തുത സ്ഥലം ഇപ്പോൾ നെൽകൃഷിക്ക് അനുയോജ്യമായ നെൽവയൽ ആണോ എന്ന് പരിശോധിച്ചും തണ്ണീർത്തടങ്ങളെ സംബന്ധിച്ച് റവന്യൂ റിക്കാർഡുകളുടെ അടിസ്ഥാനത്തിൽ വില്ലേജ് ഓഫീസർ സ്ഥല പരിശോധന നടത്തി ബോധ്യപ്പെട്ട വിവരങ്ങളുടെ അടിസ്ഥാനത്തിൽ കൃഷി ഓഫീസറും , വില്ലേജ് ഓഫീസറും കൂടി നെൽവയലുകളുടേയും തണ്ണീർത്തടങ്ങളുടേയും ഒരു കരട് ഡാറ്റാ ബാങ്ക് തയ്യാറാക്കി കൃഷി ഓഫീസർ കൺവീനർ ആയിട്ടുള്ള പ്രാദേശിക നിരീക്ഷണ സമിതിയുടെ അംഗീകാരത്തോടു കൂടി ഗസറ്റ് വിജ്ഞാപനം ഗസറ്റ് വിജ്ഞാപനം ചെയ്യുന്നതിലേയ്ക്ക്

| | | | |
|---|---|---|---|
| | | | ബന്ധപ്പെട്ട പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ സെക്രട്ടറിമാർക്ക് സമർപ്പിച്ചിട്ടുണ്ട്. കരട് ഡാറ്റാ ബാങ്ക് തയ്യാറാക്കി ഗസറ്റിൽ പ്രസിദ്ധീകരണത്തിന് ഏൽപ്പിക്കുന്നതുവരെയുള്ള ചുമതലകൾ കൃഷി ഓഫീസറാണ് നിർവ്വഹിക്കുന്നത്. തുടർന്ന് പ്രിന്റിംഗ് ഡിപ്പാർട്ട്മെന്റ് പ്രസ്തുത ഡാറ്റാ ബാങ്ക് ഗസറ്റിൽ വിജ്ഞാപനം ഇറക്കുന്നു. |
| (സി) | ഇതിൽ നിന്നുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിലുള്ള നിഗമനങ്ങൾ എന്താണെന്ന് വിശദമാക്കുമോ ; | (സി) | 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം സംസ്ഥാനത്ത് നിലവിൽ വന്നതിനു ശേഷം തണ്ണീർത്തടം, നിലം തുടങ്ങിയവയുടെ പരിവർത്തനം ഗണ്യമായി കുറഞ്ഞിട്ടുണ്ട്. സംസ്ഥാനത്ത് ആക്ട് നിലവിൽ വന്നതിനു ശേഷം വീട് വയ്ക്കുന്ന ആവശ്യത്തിലേയ്ക്ക് ജില്ലാ തല സമിതി അനുമതി നൽകി വരുന്നു. പൊതു ആവശ്യങ്ങൾക്കായി നിലം നികത്തുമ്പോൾ ആയതിലേയ്ക്കുള്ള അനുമതി കാർഷികോത്പാദന കമ്മീഷണർ ചെയർമാനായുള്ള സംസ്ഥാനതല സമിതിയാണ് നൽകി വരുന്നത്. |
| (ഡി) | തുടർ നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | (ഡി) | ഡേറ്റാ ബാങ്ക് ഗസറ്റിൽ വിജ്ഞാപനം ചെയ്യിച്ചശേഷം അത് പൊതുജനങ്ങളുടെ അറിവിലേയ്ക്ക് ബന്ധപ്പെട്ട പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ ആഫീസിലും, വില്ലേജ് ഓഫീസിലും/ഓഫീസുകളിലും പ്രദർശിപ്പിക്കുകയും ചെയ്യുക. |

സെക്ഷൻ ഓഫീസർ